


പ്രവാചകന്മാർക്കു ശേഷം വന്ന തലമുറകൾ പ്രവാചകന്മാർ പ്രബോധനം ചെയ്ത ദൈവിക ദീനിനെ ശിഥിലമാക്കി. ചിലർ തങ്ങൾ ദൈവത്തിന്റെ മക്കളും ഇഷ്ടക്കാരുമാണെന്നും തങ്ങൾക്കു വേണ്ടിയാണ് മറ്റുള്ളതെല്ലാം സൃഷ്ടിക്കപ്പെട്ടതെന്നും വാദിച്ചു.

## ഖുർആൻ ബോധനം

എ.വൈ.ആർ

സൂറ-21

# അൽഅമ്പിയാഅ്

**92.** നിങ്ങളുടെ ഈ സമൂഹം ഒരൊറ്റ സമൂഹമാകുന്നു. ഞാൻ നിങ്ങളുടെ വിധാതാവും. ആകയാൽ എനിക്കുമാത്രം വഴിപ്പെടുവീൻ.

إِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱعْبُدُونِ ﴿٩٢﴾

**93.** പക്ഷേ ജനം അവരുടെ ധർമം തങ്ങൾക്കിടയിൽ വിഭജിച്ചുകളഞ്ഞു. എന്നാലോ, എല്ലാവരും നമ്മിലേക്കു തന്നെ മടങ്ങേണ്ടവരാകുന്നു.

وَتَقَطَّعُوٓا۟ أَمْرَهُم بَيْنَهُمْ ۖ كُلٌّ إِلَيْنَا رَٰجِعُونَ ﴿٩٣﴾

**94.** സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമങ്ങളനുഷ്ഠിക്കുന്നതാരായാലും അവന്റെ പ്രയത്നം തമസ്കരിക്കപ്പെടുന്നതല്ല. തീർച്ചയായും നാമത് രേഖപ്പെടുത്തി വെക്കുന്നുണ്ട്.

فَمَن يَعْمَلْ مِنَ ٱلصَّٰلِحَٰتِ وَهُوَ مُؤْمِنٌ فَلَا كُفْرَانَ لِسَعْيِهِۦ وَإِنَّا لَهُۥ كَٰتِبُونَ ﴿٩٤﴾

**92-94**

إِنَّ هَٰذِهِۦٓ أُمَّتُكُمْ = തീർച്ചയായും നിങ്ങളുടെ ഈ സമൂഹം أُمَّةً وَٰحِدَةً = ഒരൊറ്റ സമൂഹമാകുന്നു وَأَنَا۠ = ഞാൻ
رَبُّكُمْ = നിങ്ങളുടെ വിധാതാവുമാകുന്നു
فَٱعْبُدُونِ = ആകയാൽ നിങ്ങൾ എനിക്ക് (മാത്രം വഴിപ്പെടുവിൻ) ഇബാദത്തു ചെയ്യുവിൻ
وَتَقَطَّعُوٓا۟ = (പക്ഷേ ജനം) ഖണ്ഡിച്ചു (വിഭജിച്ചുകളഞ്ഞു) അവർ أَمْرَهُم = അവരുടെ കാര്യം (ധർമം)
بَيْنَهُمْ = അവർക്കിടയിൽ كُلٌّ = (എന്നാലോ) എല്ലാവരും إِلَيْنَا = നമ്മിലേക്കു(തന്നെ)
رَٰجِعُونَ = മടങ്ങുന്ന(ങ്ങേണ്ട)വരാകുന്നു فَمَن يَعْمَلْ = (അനുഷ്ഠിക്കുന്നവൻ ആരായാലും) വല്ലവനും പ്രവർത്തിച്ചാൽ
مِنَ ٱلصَّٰلِحَٰتِ = സൽകർമങ്ങളാൽ وَهُوَ مُؤْمِنٌ = അവൻ സത്യവിശ്വാസിയായിക്കൊണ്ട്
فَلَا كُفْرَانَ = (തമസ്കരിക്കപ്പെടുന്നതല്ല) നിഷേധമില്ല, മറച്ചുകളയലില്ല لِسَعْيِهِۦ = അവന്റെ പ്രയത്നത്തെ
وَإِنَّا لَهُۥ = തീർച്ചയായും നാം അ(ത്)തിന്റെ كَٰتِبُونَ = (എഴുതി വെക്കുന്നുണ്ട്) എഴുത്തുകാരാകുന്നു

**ഇ**വിടെ നിങ്ങൾ എന്ന് സംബോധന ചെയ്യുന്നത് മുകളിൽ പരാമർശിക്കപ്പെട്ട പ്രവാചകവര്യന്മാരോടൊപ്പം മുഹമ്മദ് നബിയെയും ചേർത്തുകൊണ്ടാവാം. പ്രവാചകന്മാരുൾപ്പെടെ മുഴുവൻ മനുഷ്യരാശിയെ ഉദ്ദേശിച്ചുകൊണ്ടുമാവാം. രണ്ടു വ്യാഖ്യാനവും സാധുവാകുന്നു. أمة സാധാരണ അർഥത്തിൽ സമുദായമാണ്. ഒരു പ്രത്യേക കാലയളവിൽ ജീവിച്ച തലമുറ, പ്രത്യേക ദർശനവും സംസ്കാരവുമുള്ളവർ തുടങ്ങിയ ആശയങ്ങളും ഈ പദം വഹിക്കുന്നുണ്ട്. തദടിസ്ഥാനത്തിൽ ചില പണ്ഡിതന്മാർ إِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً എന്ന വാക്യത്തെ നിങ്ങളുടെ- അതായത് പൂർവ പ്രവാചകന്മാർ പ്രബോധനം ചെയ്തതും ഇപ്പോൾ മുഹമ്മദ് നബി പ്രബോധനം ചെയ്യുന്നതുമായ-ഈ ദീൻ മൗലികമായി ഒരേ ദീൻ തന്നെയാകുന്നു

എന്ന് അർഥം കൽപ്പിച്ചിട്ടുണ്ട്. രണ്ടർഥവും സന്ദർഭോചിതമാകുന്നു. രണ്ടിന്റെയും സാരവും ഒന്നു തന്നെ. تقطع എന്നാൽ മുറിഞ്ഞു എന്നാണർഥം. മുറിച്ചു, ഖണ്ഡിച്ചു അഥവാ വിഭജിച്ചു എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. امر കാര്യമാണ്. മതവും ധർമവുമാണ് ഇവിടെ ഉദ്ദേശ്യം. كفر ൽ നിന്നുള്ളതാണ് كفران. മറച്ചുവെക്കുക, നന്ദികേട് കാട്ടുക എന്നും كفر ന്ന് അർഥമുണ്ടല്ലോ. അതാണ് ഇവിടെ ഉദ്ദേശ്യം. കുറെ പ്രവാചകന്മാരുടെ കഥകൾ അനുസ്മരിച്ചശേഷം ചർച്ചയുടെ സാരം സംഗ്രഹിച്ചിരിക്കുകയാണീ സൂക്തങ്ങളിൽ. നിങ്ങൾ-അന്ത്യപ്രവാചകനും അദ്ദേഹത്തിന്റെ സമുദായവും പൂർവപ്രവാചകന്മാരും അവരുടെ സമുദായങ്ങളുമെല്ലാം യഥാർഥത്തിൽ ഒരൊറ്റ സമുദായമാണ്. സ്ഥലകാലങ്ങളിലേ വ്യത്യാസമുള്ളൂ. എല്ലാവരും പ്രബോധനം ചെയ്ത ദീൻ മൗലികമായി ഒന്നാണ്. ഏകദൈവമാണ് പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നാഥനും. സൃഷ്ടികൾ ആരാധിക്കേണ്ടത് അവനെ മാത്രമാണ്. അനുസരിക്കേണ്ടത് അവൻ അനുശാസിച്ച ധർമങ്ങളാണ്. മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുന്നില്ല. മരണാനന്തരം അനന്തമായ മറ്റൊരു ജീവിതമുണ്ട്. ഈ ലോകത്ത് സ്രഷ്ടാവിനോട് പുലർത്തിയ വിശ്വസ്തതയുടെയും വിധേയത്വത്തിന്റെയും തോതനുസരിച്ചായിരിക്കും മരണാനന്തര ജീവിതത്തിലെ വിജയപരാജയങ്ങൾ. മനുഷ്യരെ അവരുടെ സ്രഷ്ടാവിനെക്കുറിച്ച് ബോധവാന്മാരാക്കാനും അവന്റെ ശാസനങ്ങൾ പഠിപ്പിക്കാനും ദൈവം ഏർപ്പെടുത്തിയ സംവിധാനമാണ് പ്രവാചകത്വം. അല്ലാഹുവാണ് വിധാതാവ്, ആകയാൽ സൃഷ്ടികൾ അവനെ ആരാധിച്ചും അനുസരിച്ചും വാഴണം എന്നതാണ് എല്ലാ പ്രവാചകന്മാരും നൽകിയ മൗലിക സന്ദേശം. ഈ മൗലിക സന്ദേശത്തിന്റെ പ്രായോഗിക രൂപത്തിലേ പ്രവാചകന്മാർക്കിടയിൽ അവരവരുടെ സാമൂഹിക സാഹചര്യത്തിന്നനുസൃതമായ മാറ്റങ്ങളുണ്ടായിരുന്നുള്ളൂ. 5:48-ൽ അതിപ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا (നാം നിങ്ങളിൽ എല്ലാവർക്കും ഒരു നിയമസരണിയും കർമമാർഗവും നിശ്ചയിച്ചു തന്നിരിക്കുന്നു). ഇതല്ലാതെ പ്രവാചകന്മാർ തമ്മിൽ ഒരു ഭിന്നതയുമുണ്ടായിരുന്നില്ല. മേൽപ്പറഞ്ഞ മൗലിക ദീനിന് നിരക്കാത്ത തത്ത്വശാസ്ത്രങ്ങളോ ധർമവ്യവസ്ഥകളോ അവരാരും അവതരിപ്പിച്ചിട്ടുമില്ല. സ്വേഛയാ ആദർശങ്ങളും ആചാരങ്ങളും ആവിഷ്കരിക്കുന്നവരായിരുന്നില്ല പ്രവാചകന്മാരാരും; പ്രത്യുത അല്ലാഹു അനുശാസിച്ചതു മാത്രം ജനങ്ങളെ പഠിപ്പിച്ചവരായിരുന്നു എല്ലാവരും. അതിനാൽ പൂർവപ്രവാചകന്മാരുടെ പേരിൽ അറിയപ്പെടുന്ന മത-സമുദായങ്ങളിൽ ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും കലർന്നു കാണുന്നുവെങ്കിൽ അതിനുത്തരവാദികൾ പ്രവാചകന്മാരല്ല; അവരുടെ ശിഷ്യന്മാരെന്നവകാശപ്പെട്ട പിൻഗാമികളാണ്.

പ്രവാചകന്മാർക്കു ശേഷം വന്ന തലമുറകൾ പ്രവാചകന്മാർ പ്രബോധനം ചെയ്ത ദൈവിക ദീനിനെ ശിഥിലമാക്കി. ചിലർ തങ്ങൾ ദൈവത്തിന്റെ മക്കളും ഇഷ്ടക്കാരുമാണെന്നും തങ്ങൾക്കു വേണ്ടിയാണ് മറ്റുള്ളതെല്ലാം സൃഷ്ടിക്കപ്പെട്ടതെന്നും വാദിച്ചു. യഹൂദർ ഇതിനുദാഹരണമാണ്. ഇന്ത്യയിലെ ബ്രാഹ്മണർ മറ്റൊരുദാഹരണമാണ്. ദൈവമുഖത്തുനിന്നു സൃഷ്ടിക്കപ്പെട്ട അവരാണ് ഏറ്റം ഉൽകൃഷ്ട സൃഷ്ടികൾ, മറ്റുള്ളവരൊക്കെ ദൈവത്തിന്റെ അധോഭാഗങ്ങളിൽ നിന്ന് സൃഷ്ടിക്കപ്പെട്ട നീചരാണ്. സവർണരിൽ തന്നെ ബ്രാഹ്മണർക്കു പുറമെ ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ അങ്ങനെ മൂന്നു തട്ടുകൾ വേറെയുണ്ട്. അവർക്കു താഴെയാണ് അവർണർ. അവർ അസുരന്മാരും ദസ്യുക്കളും (ദേവശത്രുക്കളും അധഃകൃതരും) ആണ്. എല്ലാ വിഭാഗങ്ങൾക്കും വ്യത്യസ്തമായ ധർമങ്ങൾ നിശ്ചയിക്കപ്പെട്ടു. ചിലർ തങ്ങളുടെ പ്രവാചകന്മാരെ ദൈവവും ദൈവപുത്രനുമായി വാഴിച്ച്, അവരെ ആരാധിച്ചു തുടങ്ങി. ഉദാ: ക്രൈസ്തവർ. വേറെ ചിലർ തങ്ങളുടെ നേതാക്കളെയും കുലപതികളെയുമൊക്കെ ദൈവങ്ങളാക്കി അവരുടെ പ്രതിമകളുണ്ടാക്കി ആരാധിച്ചു. ചിലർ അവിടെയും നിൽക്കാതെ തിര്യക്കുകളായ പാമ്പിനെയും പശുവിനെയും പ്രകൃതി പ്രതിഭാസങ്ങളായ സൂര്യചന്ദ്രാദി ഗോളങ്ങളെയും ആരാധിച്ചുതുടങ്ങി. അല്ലാഹുവല്ലാത്തവരെ ദൈവങ്ങളാക്കിയവർ ആ ദൈവങ്ങളുടെ പേരിൽ തങ്ങൾക്കു ബോധിച്ച ധർമവ്യവസ്ഥകളുമുണ്ടാക്കി. ഇങ്ങനെയാണ് ജനങ്ങൾ ദൈവിക ദീനിനെ ഛിന്നഭിന്നമാക്കിയത്. മനുഷ്യരുടെ പോരും പകയും, പരസ്പരം മേൽക്കൈ നേടാനുള്ള മാത്സര്യവുമാണ് ഈ ഭിന്നിപ്പിന്നു കാരണമെന്ന് ഖുർആൻ പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. ഉദാ: وَمَا تَفَرَّقُوٓا۟ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ (സത്യജ്ഞാനം ലഭിച്ചശേഷം തന്നെയാകുന്നു തങ്ങൾക്കിടയിലെ പോരിനാലും പകയാലും അവർ ഭിന്നിച്ചത്-42:14).

وَمَا ٱخْتَلَفَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۗ

(വേദം നൽകപ്പെട്ടവർ സത്യജ്ഞാനം ലഭിച്ചശേഷം തന്നെയാകുന്നു പോരിനാലും പകയാലും ഭിന്നിച്ചത്-3:19). ചിലർക്ക് മറ്റുള്ളവരുടെ മേധാവികളും അധികാരികളുമാകാനുള്ള മോഹം, ചിലർക്ക് തങ്ങൾ മറ്റുള്ളവരെക്കാൾ മഹത്വവും പ്രൗഢിയുമുള്ളവരാണെന്ന അഹന്ത. ചിലർക്ക് ലോകത്തുള്ള സകല വിഭവങ്ങളുടെയും ഉടമകളും ഉപഭോക്താക്കളുമാകാനുള്ള ത്വര. ഇതിന്റെയൊക്കെ പേരിൽ രൂപപ്പെട്ടുവന്ന കൃത്രിമ മതങ്ങൾ പിൽക്കാലത്ത് പാരമ്പര്യത്തിന്റെ പേരിൽ ആളുകൾ കഥയറിയാതെയും അറിഞ്ഞും ആചരിച്ചുറപ്പിക്കുന്നു. മിഥ്യയായ മതങ്ങൾ നിലനിർത്തുന്നതിലൂടെ സംരക്ഷിക്കാവുന്ന ഭൗതിക താൽപര്യങ്ങളാണ് ചിലരുടെ ലക്ഷ്യമെങ്കിൽ, ജീവിത വിജയവും മോക്ഷവും പ്രദാനം ചെയ്യുന്ന ആത്മീയസരണിയാണെന്ന മൂഢവിശ്വാസമാണ് ചിലരെ അതിന്റെ ആരാധകരും അനുകർത്താക്കളുമാക്കുന്നത്. പരമ്പരാഗതമായി ലഭിച്ചതെല്ലാം വിശുദ്ധവും സത്യവും രക്ഷാകരവുമാണെന്നത്രെ ആ പാവങ്ങൾ കരുതുന്നത്. എന്നാൽ വിശുദ്ധ ഖുർആനിലൂടെയും അന്ത്യപ്രവാചകനിലൂടെയും അല്ലാഹു നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത് പൂർവ പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്ത നിത്യസത്യവും യഥാർഥ മാനവിക ധർമവുമാകുന്നു. ഈ ദീൻ കൈക്കൊണ്ടവർ പ്രതിയോഗികളുടെ പീഡനങ്ങളും പരിഹാസങ്ങളും സാരമാക്കേണ്ടതില്ല. പീഡനം കൊണ്ടോ പരിഹാസം കൊണ്ടോ മാറ്റാവുന്നതോ മായ്ച്ചുകളയാവുന്നതോ അല്ല ഈ ദീൻ. ഈ യാഥാർഥ്യം അംഗീകരിക്കാത്തവർ പല ദൈവങ്ങളെ ആരാധിക്കുകയും പരസ്പര വിരുദ്ധമായ ധർമങ്ങൾ ആചരിക്കുകയും ചെയ്യട്ടെ. എന്നാൽ അവരെല്ലാം ഒടുവിൽ എത്തിച്ചേരുന്നത് അവരാരാധിക്കുന്ന ദൈവങ്ങളുടെ സന്നിധിയിലേക്കല്ല. അവരുടെ ആരാധ്യന്മാരാരും ദൈവങ്ങളുമല്ല. അന്തിമമായി എല്ലാവരും എത്തിച്ചേരേണ്ടത് നമ്മുടെ-സാക്ഷാൽ ദൈവത്തിന്റെ- സന്നിധിയിലാണ്. അവരുടെ വിശ്വാസത്തിന്റെയും ആചാരത്തിന്റെയും യാഥാർഥ്യം അപ്പോൾ നാം അവർക്ക് മനസ്സിലാക്കിക്കൊടു

ക്കുന്നുണ്ട്.

മനുഷ്യർ ഒടുവിൽ ദൈവ സമക്ഷമെത്തുന്നത് സത്യവിശ്വാസത്തോടെ സൽക്കർമമനുഷ്ഠിച്ചവനായിട്ടാണെങ്കിൽ കർമം നിഷേധിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ തമസ്കരിക്കപ്പെടുകയോ ഇല്ല. അതിനു അല്ലാഹുവിങ്കൽനിന്ന് അർഹിക്കുന്ന അംഗീകാരം-شكر-പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും. മറ്റു പല സൂക്തങ്ങളിലുമെന്ന പോലെ ഇവിടെയും സൽകർമത്തിന്റെ സ്വീകാര്യതക്ക് ഈമാൻ (وهو مؤمن) ഉപാധിയായി പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിലുള്ള വിശ്വാസത്തോടും പ്രതീക്ഷയോടും കൂടി അവന്റെ പ്രീതിയും പ്രതിഫലവും കാംക്ഷിച്ചുകൊണ്ടായിരിക്കണം കർമം ചെയ്യുന്നത്. ദൈവവിശ്വാസമില്ലാത്തവൻ തന്റെ ഭൗതിക സുഖത്തിനുവേണ്ടി ചെയ്യുന്ന കർമം ദൈവം കൽപിച്ചതായിപ്പോയതുകൊണ്ട് ദൈവത്തിങ്കൽ പ്രതിഫലാർഹമാകുന്നില്ല. അയാൾ എന്തു ഭൗതിക ഫലം ഉദ്ദേശിച്ചാണോ അത് ചെയ്തത് ആ ഫലം ഭൗതിക ലോകത്ത് തന്നെ ലഭിച്ചിരിക്കും. ദൈവത്തിലുള്ള വിശ്വാസവും പ്രതീക്ഷയുമാണ് സൽകർമങ്ങളെ പരലോകവുമായി ബന്ധിപ്പിക്കുന്നത്. അതില്ലാത്ത സൽകർമങ്ങളും അതിന്റെ സൽഫലങ്ങളും ഇഹലോകത്തു തന്നെ അവസാനിക്കുന്നു.

لعمله -കർമത്തെ എന്ന അർഥത്തിൽ ഉപയോഗിച്ചിരിക്കുന്നത് لسعيه എന്നാണ്. ആയാസത്തോടെ സോദ്ദേശ്യം ചെയ്യുന്ന കർമമാണ് سعي. ഉദ്ദേശ്യവും ആയാസവും സൽകർമത്തിന്റെ സ്വഭാവമാണെന്ന ധ്വനി അതുൾക്കൊള്ളുന്നുണ്ട്. സൽകർമികളുടെ പരിശ്രമം തമസ്കരിക്കപ്പെടുകയില്ല എന്ന ആശയത്തെ ഒന്നുകൂടി ഊന്നിപ്പറയുകയാണ് إِنَّا لَهُۥ كَٰتِبُونَ എന്ന വാക്യം. തങ്ങളുടെ വല്ല കർമവും അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിന്നും പ്രതിഫല പരിഗണനയിൽ നിന്നും വിട്ടുപോയേക്കുമോ എന്ന് ആരും സംശയിക്കേണ്ട. എല്ലാം അവന്റെ ഫയലിൽ ആർക്കും മായ്ക്കാനും മറയ്ക്കാനും കഴിയാത്തവിധം രേഖപ്പെടുത്തി വെച്ചിരിക്കുന്നു.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ﴿٧﴾ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ

(അണു അളവ് നന്മ ചെയ്തിട്ടുള്ളവൻ അതവിടെ കാണും. അണു അളവ് തിന്മ ചെയ്തവൻ അതും അവിടെ കാണും-99: 7,8). ■

---

وَحَرَٰمٌ عَلَىٰ قَرْيَةٍ أَهْلَكْنَٰهَآ أَنَّهُمْ لَا يَرْجِعُونَ ﴿٩٥﴾

**95.** നാം നാശം വിധിച്ച ഒരു നാടിനു പിന്നെ തിരിച്ചുവരവ് അസാധ്യമാകുന്നു.

**95**

وَحَرَٰمٌ = നിഷിദ്ധമാകുന്നു (അസാധ്യമാകുന്നു) عَلَىٰ قَرْيَةٍ = ഒരു നാടിന്

أَهْلَكْنَٰهَآ = നാം (നാശം വിധിച്ച) അതിനെ നശിപ്പിച്ചിരിക്കുന്നു أَنَّهُمْ = എന്തെന്നാൽ അവർ

لَا يَرْجِعُونَ = അവർ മടങ്ങുകയില്ല(പിന്നെ തിരിച്ചുവരവ് ഇല്ല)

മൂലത്തിലെ حرام ന്ന് നിഷിദ്ധമെന്നും ആദരണീയമെന്നും അർഥമുണ്ട്. الحرام بيّن-ഹറാം സുവ്യക്തമാകുന്നു-എന്ന വാക്യത്തിലെ حرام നിഷിദ്ധവും شهر الحرام ലെ حرام ആദരണീയവുമാകുന്നു. ഇവിടത്തെ حرام വിലക്കിനെയാണ് കുറിക്കുന്നത്. قرية -നാട് കൊണ്ടുദ്ദേശ്യം നാട്ടുകാരാണ്. أَهْلَكْنَٰهَآ യുടെ അർഥം നാം നശിപ്പിച്ച എന്നാണെങ്കിലും ഇവിടെ ഉപയോഗിച്ചിരിക്കുന്നത് قدرنا إهلاكها-നാം നാശം വിധിച്ച, എന്നാണ്. സൂക്തത്തിന്റെ പ്രത്യക്ഷ ഘടനയിൽ അർഥം 'നാം നാശം വിധിച്ച നാട് പിന്നെ മടങ്ങാതിരിക്കുക അസാധ്യമാകുന്നു' എന്നാണ്. എന്നാൽ സൂക്തത്തിന്റെ ആശയം നേരെ മറിച്ചാണ്. പണ്ഡിതന്മാർ അത് പല തരത്തിൽ വിശദീകരിച്ചിരിക്കുന്നു. لَا يَرْجِعُونَ എന്നതിലെ لا അധികോക്തിയാകുന്നു എന്നാണൊരു വിശദീകരണം. അതായത് അതിന് നിഷേധാർഥമില്ല. അവർ മടങ്ങും എന്ന സമ്മതാർഥം തന്നെയാണ് لَا يَرْجِعُونَ-ന് ഉള്ളത്. ഈ لا ഹറാമിന്റെ ആശയത്തെ ഊന്നുന്നത് (توكيد) ആകുന്നുവെന്നാണ് മറ്റൊരു വ്യാഖ്യാനം. അവർ മടങ്ങുക തീർച്ചയായും അസാധ്യമാകുന്നു എന്നാണർഥം. കൂടുതൽ മുൻഗണനാർഹമായി തോന്നുന്ന വിശദീകരണം ഇപ്രകാരമാണ്: ഈ സൂക്തത്തിൽ ഒരു അനുക്ത വാക്കുണ്ട്. അത് ഉക്തമാക്കിയാൽ വാക്യം ഇങ്ങനെയായിരിക്കും وَحَرَٰمٌ عَلَىٰ قَرْيَةٍ . اهلكناها ان يرجعوا انهم لا يرجعون (നാം നശിപ്പിക്കാനുദ്ദേശിച്ച നാട് മടങ്ങുന്നത് നിഷിദ്ധമാകുന്നു. എന്തുകൊണ്ടെന്നാൽ അവർക്ക് മടങ്ങാനാവില്ല). ഇത്തരം അനുക്തങ്ങൾക്ക് ഖുർആനിൽ വേറെയും ഉദാഹരണങ്ങൾ കാണാം. സന്ദർഭത്തിൽ നിന്ന് അവ തിരിച്ചറിയപ്പെടുന്നതാണ്. ഇവിടെ ഉദ്ദേശിച്ച മടക്കം رجوع അസത്യത്തിൽ നിന്നും അധർമത്തിൽനിന്നും സത്യത്തിലേക്കും ധർമത്തിലേക്കുമുള്ള തിരിച്ചുവരവാണ്.

ഈ സൂക്തം നബി(സ)യെ എതിർത്തു കൊണ്ടിരുന്ന ദുഷിച്ച ഖുറൈശി നേതാക്കൾക്ക് ഒരു താക്കീത് കൂടി ഉൾക്കൊണ്ടതായി ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. നിങ്ങൾ സത്യനിഷേധത്തിൽ ഇനിയും മുന്നോട്ടു പോവുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് വിനാശം വിധിച്ചേക്കും. അതു വിധിച്ചു കഴിഞ്ഞാൽ പിന്നെ നിങ്ങൾ ഒരിക്കലും സത്യത്തിലേക്കും ധർമത്തിലേക്കും തിരിച്ചു വരികയെന്നതുണ്ടാവില്ല. ശിക്ഷ വിധിക്കപ്പെട്ടവർക്ക് പിന്നെ വീണ്ടെടുപ്പില്ല. അതിനവസരവുമില്ല. ഈ ആശയം നേരത്തെ 6-ാം സൂക്തത്തിൽ ഇങ്ങനെ അവതരിപ്പിച്ചിട്ടുണ്ട്.

مَآ ءَامَنَتْ قَبْلَهُم مِّن قَرْيَةٍ أَهْلَكْنَٰهَآ أَفَهُمْ يُؤْمِنُونَ

(അവർക്ക് മുമ്പ് നാം നശിപ്പിച്ച ഒരു നാടും പിന്നെ സത്യവിശ്വാസം കൈക്കൊണ്ടിട്ടില്ല. എന്നിരിക്കെ ഇവരാണോ വിശ്വസിക്കാൻ പോകുന്നത്?!)

ശിക്ഷിക്കപ്പെട്ട സമുദായങ്ങൾ പിന്നീടൊരിക്കലും ഉയിർത്തെഴുന്നേൽക്കുകയോ അവരുടെ പൂർവ പ്രതാപങ്ങളിലേക്കും അധികാരങ്ങളിലേക്കും തിരിച്ചുവരികയോ ചെയ്യില്ല എന്നാണ് മടങ്ങുകയില്ല-لَا يَرْجِعُونَ എന്ന വാക്യത്തിന്റെ താൽപര്യമെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ പ്രബലം. ■